بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 20.07.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*20.07.18 ന് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം*

### നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയരായ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന, ഹൃദയഹാരിയായ ചരിത്രസംഭവങ്ങൾ

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു:

ഹദ്റത്ത് ഖല്ലാദ് ബ്നു റാഫിഅ് സുർഖി നബി(സ)തിരുമേനിയുടെ ഒരു അൻസാരി സഹാബിയായിരുന്നു. ബദർ യുദ്ധത്തിലും ഉഹ്ദ് യുദ്ധത്തിലും പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ച സഹാബികളിൽ അദ്ദേഹം ഉൾപ്പെടുന്നു. അല്ലാഹു അദ്ദേഹത്തിന് അനേകം സന്താനങ്ങളെയും തന്നനുഗ്രഹിച്ചിട്ടുണ്ട്.

ഒരു രിവായത്തിൽ വന്നിരിക്കുന്നു: മആദ് ബ്നു റഫ തന്റെ പിതാവിൽ നിന്ന് നിവേദനം: ഞാനും സഹോദരൻ ഖല്ലാദ് ബ്നു റാഫിഉം നബി(സ)തിരുമേനിയോടൊപ്പം ക്ഷീണിച്ച ഒട്ടകപ്പുറത്ത് കയറി ബദറിലേക്ക് പുറപ്പെട്ടു. അങ്ങനെ റോഹ എന്ന സ്ഥലത്തിനു മുൻപുള്ള ബരീദ് എന്ന സ്ഥലത്തെത്തിയപ്പോൾ ഒട്ടകം അവിടെ ഇരുന്നു. അപ്പോൾ ഞങ്ങൾ ദുആ ചെയ്തു: "അല്ലാഹുവേ, ഇതിൽ കയറി ഞങ്ങൾ മദീനയിൽ തിരിച്ചെത്തിയാൽ ഒരു നേർച്ചയെന്നോണം ഇതിനെ ഞങ്ങൾ ബലി നല്കുന്നതാണ്." അങ്ങനെയിരിക്കുമ്പോഴാണ് നബി(സ) ഞങ്ങളുടെ അതിലൂടെ കടന്നു പോകുന്നത്. രണ്ടു പേർക്കും എന്തുപറ്റി എന്ന് തിരുമേനി(സ) തിരക്കി. ഉണ്ടായതെല്ലാം തിരുമേനിയെ അറിയിച്ചപ്പോൾ അവിടുന്ന് ഞങ്ങളുടെ അടുത്ത് തങ്ങുകയും വുളു എടുക്കുകയും ചെയ്തു. എന്നിട്ട് ബാക്കി വെള്ളത്തിൽ തന്റെ ഉമിനീർ ചേർത്തു കൊണ്ട് ഒട്ടകത്തിന്റെ വായ തുറക്കാൻ ഞങ്ങൾക്ക് കല്പന നല്കി. തിരുമേനി ഒട്ടകത്തിന്റെ വായയിലും തലയിലും കഴുത്തിലും തോളിലും കൂനിലും മുതുകിലും വാലിലും വെള്ളം തടവി. ശേഷം തിരുമേനി(സ) ഇപ്രകാരം ദുആ ചെയ്തു: അല്ലാഹുവേ, റാഫിഅനെയും ഖല്ലാദിനെയും ഇതിൽ കയറ്റി കൊണ്ടു പോയാലും! അനന്തരം തിരുമേനി അവിടുന്ന് പോകാൻ എഴുന്നേറ്റു വീണ്ടും യാത്ര തുടർന്നു. ഞങ്ങൾ തിരുമേനിയെ മുൻസിഫ് എന്ന സ്ഥലത്തു വെച്ച് കണ്ടു. യാത്രാ സംഘത്തിൽ ഏറ്റവും മുന്നിലായിരുന്നു ഞങ്ങൾ. നബി(സ) ഞങ്ങളെ കണ്ടപ്പോൾ പുഞ്ചിരിച്ചു. തിരുമേനിയുടെ ദുആ മൂലം ഒട്ടകത്തിന് തീർത്തും ക്ഷീണം ഇല്ലാതായി. പറയുന്നു: ഞങ്ങൾ യാത്ര തുടർന്നു. ബദർ എന്ന സ്ഥലത്തെത്തി. ബദറിൽ നിന്ന് തിരിച്ചു പോകും വഴി മുസല്ല എന്ന സ്ഥലത്തെത്തിയപ്പോൾ ഒട്ടകം വീണ്ടും ഇരുന്നു. എന്റെ സഹോദരൻ ഒട്ടകത്തെ അറുത്ത് ഇറച്ചി വിതരണം ചെയ്തു.

ഹദ്റത്ത് ഹാരിസ ബ്നു സുറാഖ എന്നു പേരുള്ള ഒരു സഹാബിയെക്കുറിച്ച് ചരിത്രത്തിൽ പരാമർശിക്കപ്പെടുന്നു. ഹിജ്റ 2ന് ബദർ യുദ്ധത്തിലാണ് ഇദ്ദേഹം വഫാത്താകുന്നത്. ഇദ്ദേഹത്തിന്റെ മാതാവ് റബീഅ ബിൻത് നളർ ഹദ്റത്ത് അനസി(റ)ന്റെ പിതൃസഹോദരിയായിരുന്നു. ഹിജ്റത്തിനു മുൻപ് മാതാവിനോടൊപ്പമാണ് ഇവർ ഇസ്‌ലാം സ്വീകരിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അപ്പോഴേക്കും വഫാത്തായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിനും ഹദ്റത്ത് സായിബ് ബ്നു ഉസ്മാൻ ബ്നു മള്ഊനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. തന്റെ മാതാവിനോട് നല്ല രീതിയിലായിരുന്നു അദ്ദേഹം പെരുമാറിയിരുന്നത്. താൻ സ്വർഗത്തിൽ പ്രവേശിച്ചപ്പോൾ അവിടെ ഹാരിസയെ കണ്ടുവെന്ന് നബി(സ) ഒരിക്കൽ പറഞ്ഞു. ഹബാബ് ബ്നു അർഖയാണ് ബദർ ദിവസം അദ്ദേഹത്തെ ശഹീദാക്കിയത്. ഹൗളിൽ നിന്ന് വെള്ളം കുടിച്ചു കൊണ്ടിരിക്കുമ്പോൾ അയാൾ അമ്പെയ്യുകയായിരുന്നു. കഴുത്തിന് അമ്പേറ്റ് അദ്ദേഹം ശഹീദായി. അല്ലയോ ഹാരിസ,നീ ഏതവസ്ഥയിലാണ് നേരം വെളുപ്പിച്ചതെന്ന് ഒരിക്കൽ നബി(സ)തിരുമേനി അദ്ദേഹത്തോടു ചോദിച്ചു. അല്ലാഹുവിലുള്ള യഥാർഥ വിശ്വാസത്താലാണ് നേരം വെളുപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. നബി(സ) പറഞ്ഞു: നീ പറയുന്നതെന്താണെന്ന് ശ്രദ്ധിക്കുക. എന്തെന്നാൽ ഓരോ സംഗതിക്കും ഒരു പൊരുളുണ്ട്. ആ യുവാവ് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ മനസ്സ് ലൗകികതയിൽ നിന്ന് വിരക്തമായിരിക്കുന്നു. രാത്രി മുഴുവൻ ഉണർന്നിരിക്കുകയും പകൽ ദാഹിച്ചിരിക്കുകയും ചെയ്യുന്നു. അതായത്, ഇബാദത്ത് ചെയ്യുകയും നോമ്പെടുക്കുകയും ചെയ്യുന്നു. എന്റെ നാഥന്റെ അർശ് ബാഹ്യനേത്രങ്ങൾ കൊണ്ട് ഞാൻ ദർശിക്കുന്നു. സ്വർഗവാസികൾ സ്വർഗത്തിൽ കണ്ടു മുട്ടുന്നതും നരകവാസികൾ ബഹളം വെയ്ക്കുന്നതും ഞാൻ കാണുന്നു". നബി(സ)തിരുമേനി പറഞ്ഞു: "നീ അതിൽ തന്നെ നിലകൊള്ളുക. ഏതൊരാളുടെ മനസ്സിൽ അല്ലാഹു വിശ്വാസത്തിന്റെ തിരി കൊളുത്തിയോ ആ ദാസനാണ് നിങ്ങൾ." അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എനിക്ക് ശഹാദത്തിനു വേണ്ടി ദുആ ചെയ്താലും. അങ്ങനെ നബി(സ) അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്തു. ബദർ യുദ്ധത്തിൽ ശഹാദത്ത് വരിക്കുന്ന ആദ്യത്തെ അൻസാരി ഇദ്ദേഹമാണെന്ന് വിവരിക്കപ്പെടുന്നു. ഹദ്റത്ത് ഹാരിസയുടെ ശഹാദത്തിന്റെ വിവരമറിഞ്ഞ അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് റബീഅ നബി(സ)തിരുമേനിയുടെ

അടുക്കൽ വന്നു പറഞ്ഞു: "ഹാരിസയെ ഞാൻ എത്രമാത്രം സ്നേഹിച്ചിരുന്നെന്ന് അങ്ങേയ്ക്കറിയാമല്ലോ. അവൻ ഒരു പാട് സേവനം ചെയ്യാറുണ്ടായിരുന്നു. അവൻ സ്വർഗസ്ഥരിൽ ഉൾപ്പെടുമെങ്കിൽ ഞാൻ സഹനം കൈക്കൊള്ളുന്നതാണ്. ഇനി അങ്ങനെയല്ലെങ്കിൽ, ഞാൻ എന്തു ചെയ്യുമെന്ന് അല്ലാഹുവിനേ നന്നായി അറിയുകയുള്ളൂ." നബി(സ)തിരുമേനി പറഞ്ഞു: "അല്ലയോ ഉമ്മെ ഹാരിസ, സ്വർഗം ഒന്നല്ല, ഒരുപാട് ഉണ്ട്. ഹാരിസയകട്ടെ, ഉന്നതമായ ഫിർദൗസിലാണ്.". ഇതു കേട്ട ഉമ്മെ ഹാരിസ തിരിച്ചു പോയി. അവർ അദ്ദേത്തെ പുകഴ്ത്തിക്കൊണ്ട് ചിരിക്കുന്നുണ്ടായിരുന്നു.

ഹദ്റത്ത് അബ്ബാദ് ബ്നു ബശർ ആണ് ഒരു സഹാബി. ഹിജ്റ 11ന് യമാമ യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. അബൂബശർ എന്നും അബൂറബീഅ് എന്നുമാണ് അദ്ദേഹത്തിന്റെ ഗോത്രനാമം. ബനൂ അബ്ദുൽ അശ്ഹൽ ഗോത്രവുമായിട്ടാണ് അദ്ദേഹത്തിനു ബന്ധം. ആകെ ഉണ്ടായിരുന്ന മകളും മരിച്ചു പോയി. അദ്ദേഹം മദീനയിൽ ഹദ്റത്ത് മസ്അബ് ബിനു ഉമൈറിന്റെ കൈകളിൽ ഹദ്റത്ത് സഅദ്ബ്നു മആദിനും ഹദ്റത്ത് ഉസൈദ് ബ്നു ഹളീറിനു മുൻപ് തന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. മദീനയിൽ സാഹോദര്യബന്ധം സ്ഥാപിച്ചപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ ഹദ്റത്ത് അബൂഹുദൈഫ ബ്നു ഉഖ്ബായുടെ സഹോദരനാക്കി. ഹദ്റത്ത് അബ്ബാദ് ബ്നു ബശർ ബദർ, ഉഹ്ദ്, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. കഅബ് ബ്നു അശ്റഫിനെ വധിക്കാൻ അയച്ച സഹാബാക്കളിൽ ഇദ്ദേഹം ഉൾപ്പെടുന്നു.

കഅബിനെ പരസ്യമായ നിലയിൽ എല്ലാവരുടെയും മുൻപിൽ വെച്ച് കൊല്ലാതെ, രഹസ്യമായി ചില ആളുകൾ ചെന്ന് അവസരം നോക്കി അയാളെ കൊല്ലാൻ നബി(സ)തിരുമേനി നിർദേശം നല്കി. ഔസ് ഗോത്രത്തിലെ ആത്മാർഥ സഹാബി മുഹമ്മദ് ബ്നു മുസ്ലിമയെയാണ് തിരുമേനി ഈ ഡ്യൂട്ടി ഏൽപിച്ചത്. ഏതു മാർഗം അവലംബിച്ചാലും ഔസ് ഗോത്രത്തിന്റെ തലവൻ സഅദ് ബ്നു മആദിന്റെ നിർദേശപ്രകാരമേ ചെയ്യാവൂ എന്ന് നബി(സ) അദ്ദേഹത്തോട് ഊന്നിപ്പറഞ്ഞു. മുഹമ്മദ് ബ്നു മുസ്ലിമ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, രഹസ്യമായി വിളിച്ച് കൊല്ലുന്നതിന് വല്ല കാരണവും ഉണ്ടാക്കി പറയേണ്ടി വരുമല്ലോ. എങ്കിൽ മാത്രമേ കഅബിനെ വീട്ടിൽ നിന്ന് സുരക്ഷിതമായ സ്ഥലത്ത് കൊണ്ടു കൊല്ലാൻ സാധിക്കുകയുള്ളൂ." നബി(സ) തിരുമേനി അതിന് അനുവാദം നല്കി.

രഹസ്യമായി കൊല്ലാതിരുന്നാൽ ഉണ്ടാകാവുന്ന വലിയ പ്രത്യാഘാതങ്ങളെ മുന്നിൽ വെച്ചു കൊണ്ടാണ് നബി(സ) തിരുമേനി അനുവാദം നല്കിയത്. അങ്ങനെ സഅദ് ബ്നു മആദിന്റെ നിർദേശപ്രകാരം മുഹമ്മദ് ബ്നു അബൂനായിലയെയും മറ്റു രണ്ടു സാഹാബികളെയും കൂട്ടി കഅബിന്റെ വീട്ടിലെത്തി. കഅബിനെ വീട്ടിനുള്ളിൽ നിന്ന് വിളിച്ചു വരുത്തി പറഞ്ഞു: "ഞങ്ങളുടെ യജമാനൻ അതായത് നബി(സ)തിരുമേനി ഞങ്ങളോട് സദഖ ചോദിക്കുന്നു, ഞങ്ങളാണെങ്കിൽ ഞെരുക്കത്തിലാണ്. ദയവു ചെയ്ത് നിങ്ങൾക്ക് വല്ലതും കടം തരാൻ സാധിക്കുമോ?" ഇതുകേട്ട കഅബ് സന്തോഷത്താൽ മതിമറന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹുവാണെ, ഇനി നോക്കിക്കോ, താമസിയാതെ തന്നെ നിങ്ങൾ ഈ വ്യക്തിയെ ഉപേക്ഷിക്കുന്നതാണ്. അപ്പോൾ മുഹമ്മദ് ബ്നു മുസ്ലിമ പറഞ്ഞു: "ഞങ്ങൾ മുഹമ്മദി(സ)ന്റെ അനുസരണം സ്വീകരിച്ചവരാണ്. ഈ പ്രസ്ഥാനത്തിന്റെ പര്യവസാനം എന്തായിരിക്കുമെന്ന് ഞങ്ങൾ കാണുന്നു. അതെന്തുമാകട്ടെ,നിങ്ങൾക്ക് കടം തരാൻ കഴിയുമോ?" കഅബ് പറഞ്ഞു: തരാം, പക്ഷേ വല്ലതും പണയം വെയ്ക്കേണ്ടി വരും. മുഹമ്മദ് ചോദിച്ചു: "എന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല.". ആ ദുഷ്ടൻ പറഞ്ഞു: "നിങ്ങൾ ഭാര്യമാരെ പണയം വെക്ക്." കോപം അടക്കിപ്പിടിച്ചു കൊണ്ട് മുഹമ്മദ് ബ്നു മുസ്ലിമ പറഞ്ഞു: നിങ്ങളെ പോലുള്ള ഒരാൾക്ക് ഞങ്ങളെങ്ങനെ ഭാര്യമാരെ പണയം വെയ്ക്കും? നിങ്ങളെ വിശ്വസിക്കാൻ കഴിയില്ലല്ലോ? അയാൾ പറഞ്ഞു: എന്നാൽ കുട്ടികളെ വെക്കൂ. മുഹമ്മദ് പറഞ്ഞു: "അതും സാധ്യമല്ല. സ്വന്തം മക്കളെ നിന്റെ പക്കൽ പണയം വെച്ച് അറേബ്യയുടെ മൊത്തം പരിഹാസം തലയിലേറ്റാൻ ഞങ്ങൾക്കാവില്ല. ദയവുണ്ടെങ്കിൽ ഞങ്ങൾ ആയുധങ്ങൾ പണയം വെക്കാം." കഅബ് സമ്മതിച്ചു. രാത്രി വരാമെന്ന് പറഞ്ഞു കൊണ്ട് മുഹമ്മദ് ബ്നു മുസ്ലിമയും കൂട്ടരും തിരിച്ചു പോയി. രാത്രിയായപ്പോൾ ആ സംഘം ആയുധങ്ങളുമായി(കാരണം ഇനിയവർക്ക് പരസ്യമായി തന്നെ ആയുധങ്ങൾ കൊണ്ടു പോകാമായിരുന്നു) കഅബിന്റെ വീട്ടിലെത്തി. അയാളെ വീട്ടിൽ പുറത്തേക്കു വിളിച്ചു സംസാരിച്ചു സംസാരിച്ച് ഒരുഭാഗത്തേക്ക് കൊണ്ടു പോയി. അല്പം കഴിഞ്ഞപ്പോൾ നടന്നു കൊണ്ടു തന്നെ അയാളെ കീഴ്പ്പെടുത്തകയും ആയുധധാരികളായ സഹാബികൾ വാളു കൊണ്ട് അയാളുടെ കഥകഴിക്കുകയും ചെയ്തു. അങ്ങനെ കഅബ് മരിച്ചു വീണു. മുഹമ്മദ് ബ്നു മുസ്ലിമും കൂട്ടരും അവിടന്ന് മാറി നബി(സ)തിരുമേനിയുടെ സമക്ഷം ഹാജരായിക്കൊണ്ട് കഅബിന്റെ മരണവാർത്ത അറിയിച്ചു. കഅബിന്റെ മരണവാർത്ത നാടെങ്ങും പ്രചരിച്ചതിനെ തുടർന്ന് പട്ടണത്തിലാകെ ഉദ്വേഗജനമായ അന്തരീക്ഷം വ്യാപിച്ചു. യഹൂദികൾ വളരെ പ്രകോപിതരായി. പിറ്റേ ദിവസം രാവിലെ യഹൂദികളുടെ ഒരു സംഘം നബി(സ) തിരുമേനിയുടെ സമക്ഷം ഹാജരായിക്കൊണ്ട് തങ്ങളുടെ നേതാവ് കഅബ് ബ്നു അശ്റഫിനെ ഇങ്ങനെ കൊന്നിരിക്കുന്നുവെന്ന് പരാതിപ്പെട്ടു. അവരുടെ വാക്കുകൾ കേട്ടതിനു ശേഷം നബി(സ)തിരുമേനി പറഞ്ഞു; "കഅബ് ചെയ്തിരിക്കുന്ന കുറ്റങ്ങളെന്തൊക്കെയാണെന്ന് നിങ്ങൾക്കറിയുമോ?" ശേഷം അവിടുന്ന് കഅബിന്റെ ആജ്ഞാലംഘനം, പ്രേരണാകുറ്റം, കുഴപ്പം ഉണ്ടാക്കൽ, അശ്ലീലത, വധശ്രമത്തിനുള്ള ഗൂഢാലോചന തുടങ്ങിയ ചെയ്തികൾ ചുരുങ്ങിയ നിലയിൽ അവരെ ഓർമിപ്പിച്ചു. ഇതുകേട്ട യഹൂദികൾ പരിഭ്രമിച്ച് മൗനം അവലംബിച്ചു. അനന്തരം നബി(സ) അവരോട് പറഞ്ഞു: കുറഞ്ഞ പക്ഷം ഇനിയെങ്കിലും സമാധാനത്തോടും സഹകരണത്തോടും കൂടി കഴിയുക. വിദ്വേഷവും കുഴപ്പവും നിങ്ങൾ വിതയ്ക്കരുത്. അങ്ങനെ യഹൂദികളുടെ സമ്മതത്തോടെ പുതിയ കരാർ എഴുതപ്പെട്ടു. മുസ്ലിംകളോടൊപ്പം സമാധാനത്തോടെ കഴിയുമെന്നും വിദ്വേഷവും ഫിത്നയും വിതയ്ക്കുന്നതല്ലെന്നുമുള്ള കരാർ യഹൂദികൾ പുതുക്കി.

അവരുടെ വാക്കുകൾ കേട്ടപ്പോൾ മുസ്‌ലിംകളല്ല കൊന്നതെന്ന് നബി(സ) പറഞ്ഞില്ല. മറിച്ച് അയാൾ ചെയ്ത കുറ്റങ്ങൾ എണ്ണിപ്പറഞ്ഞു. ആ കുറ്റങ്ങൾ കാരണമായി പ്രകടമാകുന്ന ഫലം നോക്കുമ്പോൾ അയാൾ കൊല്ലപ്പെടേണ്ടതായിരുന്നു. അവിടുന്ന് പറയുന്നത് ശരിയാണെന്ന് യഹൂദികൾക്കും സമ്മതിക്കേണ്ടി വന്നു. അതുകൊണ്ടാണല്ലോ ഇത്തരത്തിലുള്ള സംഭവങ്ങൾ ഇനിയുണ്ടാവില്ലെന്നും സമാധാനത്തോടെ കഴിയുമെന്നും പ്രതികാരത്തിന് തുനിഞ്ഞ് മുസ്‌ലിംകളാൽ ശിക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകില്ലെന്നും അവരെക്കൊണ്ട് പുതിയ കരാറുണ്ടാക്കിയത്. ഈ രീതിയിൽ കൊന്നത് ശരിയല്ല എന്നാണ് യഹൂദികൾ മനസ്സിലാക്കിയിരുന്നതെങ്കിൽ അവർ മൗനം പാലിക്കുമായിരുന്നില്ല. മറിച്ച് ചോര ഒഴുക്കാൻ തിടുക്കം കാട്ടുമായിരുന്നു. അവർ ആ അവശ്യം ഉന്നയിക്കാതെ മൗനം അവലംബിക്കുകയായിരുന്നു. ഈ സംഗതികളെല്ലാം വ്യക്തമാക്കുന്നത് അക്കാലത്തെ നിയമമനുസരിച്ച് അതു അനുവദനീയമായിരുന്നുവെന്നാണ്. ഇയാൾ പ്രചരിപ്പിച്ചു കൊണ്ടിരുന്ന കുഴപ്പം കൊലയേക്കാൾ ഗൗരവമേറിയതായിരുന്നു. അത്തരം കുറ്റവാളികൾക്ക് ശിക്ഷ ലഭിക്കേണ്ടതു തന്നെയാണ്. ഞാൻ പറഞ്ഞതു പോലെ, അക്കാലത്തെ സമ്പ്രദായമനുസരിച്ച് അയാൾക്ക് ശിക്ഷ ലഭിച്ചു. അക്കാലത്തെ മുറയനുസരിച്ച് ഈ രീതിയിലാണ് ശിക്ഷ നല്കാൻ കഴിഞ്ഞിരുന്നതെന്ന് നമുക്ക് കാണാം. യഹൂദികളുടെ മനോഭാവത്തിൽ നിന്ന് തെളിയുന്നതും ഇതു തന്നെയാണ്. അപ്പോൾ ഇവിടെ ആക്ഷേപത്തിനും വകയില്ല. അങ്ങനെ ശിക്ഷിക്കാൻ കഴിയുമായിരുന്നില്ലെങ്കിൽ അയാൾക്കെതിരിൽ കേസ്സെടുത്ത് പരസ്യമായി എന്തു കൊണ്ട് ശിക്ഷിച്ചു കൂടാ എന്ന ചോദ്യം യഹൂദികൾ ഉന്നയിച്ചേനെ. അതുകൊണ്ട്, ഈ കൊല ശരിയായിരുന്നു എന്നാണ് ഈ സംഗതികൾ വിളിച്ചോതുന്നത്. ഇതു ശിക്ഷയായിരുന്നു. എന്നാൽ ഇവിടെ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഇക്കാലത്തെ ഉഗ്രവാദികൾ തെറ്റായ സെൻസിലാണ് ഈ കാര്യങ്ങളെ എടുക്കുന്നത്; അതുപോലെത്തന്നെ ഭരണ കൂടങ്ങളും. ഈ രീതിയിൽ കൊല്ലുന്നത് അനുവദനീയമാണെന്നാണ് അവർ വിചാരിക്കുന്നു. ഒന്നാമതായി, ഫിത്ന ഈ രീതിയിൽ പ്രചരിപ്പിക്കപ്പെടുന്നില്ല. ഫിത്ന പ്രചരിപ്പിക്കുന്നവരല്ല കൊല്ലപ്പെടുന്നത്. രണ്ടാമതായി, അവിടെ കുറ്റവാളി മാത്രമാണ് ശിക്ഷിക്കപ്പെട്ടത്; അയാളുടെ കുടുംബത്തെയും മറ്റും അല്ല. ഇവരാണെങ്കിൽ നിരപരാധികളെയാണ് കൊന്നൊടുക്കുന്നത്. സ്ത്രീകളെ കൊന്നൊടുക്കുന്നു; കുട്ടികളെ കൊല്ലുന്നു; പലരെയും വികലാംഗരാക്കുന്നു. ഏതായാലും, ഇക്കാലത്തെ നിയമവും സമ്പ്രദായവുമനുസരിച്ച് ഈ സംഗതികൾ അനുവദനീയമല്ല. അന്ന് ആ ശിക്ഷ ശരിയായിരുന്നു; അയാൾ അതിനർഹനായിരുന്നു; ഭരണകൂടമായിരുന്നു അതു നല്കിയിരുന്നത്.

ഹദ്റത്ത് അബ്വാദ് ബ്നു ബശർ ശ്രേഷ്ഠ സഹാബാക്കളിലാണ് ഗണിക്കപ്പെടുന്നത്. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: അൻസാറുകളിലെ മൂന്നു വ്യക്തികളെക്കാൾ ശ്രേഷ്ഠരായി മറ്റാരെയും ഗണിക്കപ്പെടാവതല്ല. ഹദ്റത്ത് സഅദ് ബ്നു മആദ്, ഹദ്റത്ത് ഉസൈദ് ബ്നു ഹളീർ, ഹദ്റത്ത് അബ്വാദ് ബ്നു ബശർ എന്നിവരാണ് ആ മൂന്നു പേർ.

ഹദ്റത്ത് അബ്വാദ് ബ്നു ബശറിൽ നിന്ന് നിവേദനം: നബി(സ) അൻസാറുകളെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു: ഏ അൻസാർ, നിങ്ങൾ എന്റെ 'ശിആർ' ആകുന്നു. അതായത്, എല്ലാ വസ്ത്രങ്ങൾക്കും അടിയിലായി ശരീരത്തോട് ചേർന്ന് ധരിക്കുന്ന വസ്ത്രം. മറ്റുള്ളവർ 'ദസാർ' ആകുന്നു. അതായത്, പുറമേ അണിയുന്ന മേൽപുതപ്പ്. നബി(സ)തിരുമേനി പറഞ്ഞു: പ്രയാസമുള്ള ഒരു കാര്യവും നിങ്ങളിൽ നിന്നുണ്ടാവില്ല എന്നതിൽ ഞാൻ സംതൃപ്തനാണ്. ഹദ്റത്ത് അബ്വാദ് ബ്നു ബശർ 45മാത്തെ വയസ്സിൽ യമാമ യുദ്ധത്തിലാണ് ശഹീദ് ആയത്. ഹദ്റത്ത് ആയിശ(റ) യിൽ നിന്ന് നിവേദനം: നബി(സ)തിരുമേനി എന്റെ വീട്ടിൽ തഹജ്ജുദ് നമസ്കരിക്കുകയായിരുന്നു. അപ്പോൾ പള്ളിയിൽ നമസ്കരിക്കുകയായിരുന്ന ഹദ്റത്ത് അബ്വാദ് ബ്നു ബശറിന്റെ ശബ്ദം തിരുമേനി കേട്ടു. തിരുമേനി ചോദിച്ചു: ആയിശ, അത് അബ്വാദിന്റെ ശബ്ദമാണോ? അതേ എന്ന് ഞാൻ പറഞ്ഞു. തുടർന്ന് അവിടുന്ന ദുആ ചെയ്തു: "അല്ലാഹുവേ അബ്വാദിനോട് കരുണ കാണിക്കേണമേ." ഹുദൈബിയ സന്ധിയിലെ യാത്രയിലും അദ്ദേഹം നബിതിരുമേനിയോടൊപ്പം ഉണ്ടായിരുന്നു.

മുസ്‌ലിം സംഘത്തിന്റെ മുന്നിൽ പോകുന്നതിനു വേണ്ടി നബി(സ)തിരുമേനി ഹദ്റത്ത് അബ്വാദ് ബ്നു ബശറിന്റെ നേതൃത്വത്തിൽ 20 പേരടങ്ങുന്ന കുതിരപ്പടയെ നിശ്ചയിച്ചു. സമർഥനും വിശ്വസ്തനുമായ സഹാബിയായിരുന്നു അദ്ദേഹം. ഹുദൈബിയ വേളയിൽ നടന്ന ബൈഅത്തെ രിളിവാനിലും അദ്ദേഹം പങ്കെടുത്തിരുന്നു. ദാത്തുറിഖാ യുദ്ധവേളയിൽ ഇന്ന് രാത്രി എനിക്ക് ആര് കാവൽ നില്ക്കുമെന്ന് നബി(സ)തിരുമേനി ചോദിച്ചപ്പോൾ ഹദ്റത്ത് അബ്വാദ് ബ്നു ബശറും ഹദ് റത്ത് അമ്മാർ ബ്നു യാസിറും മുന്നോട്ടു വന്നു തങ്ങൾ കാവൽ നില്ക്കാമെന്ന് പറഞ്ഞു. അങ്ങനെ രണ്ടു പേരും ഊഴം മാറി കാവൽ നിന്നു. രാത്രിയിലെ ഇരുട്ടിൽ അബ്വാദ് ബ്നു ബശർ നമസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ നജ്ദ് ഗോത്രക്കാരനായ ഒരാൾ അദ്ദേഹത്തിനു നേരെ അമ്പു തൊടുത്തു വിട്ടു. തന്റെ ശരീരത്തിൽ അമ്പു തുളച്ചു കയറിട്ടും അദ്ദേഹം നമസ്കാരം തുടർന്നു. അയാളുടെ മൂന്ന് അമ്പുകളേറ്റ് ശരീരത്തിൽ നിന്ന് രക്തം ഒഴുകിയിട്ടും അദ്ദേഹം നമസ്കാരം നിർത്തിയില്ല. നമസ്കാരം പൂർത്തിയാക്കിയതിനു ശേഷം അദ്ദേഹം അമ്മാർ ബ്നു യാസിറിനെ വിളിച്ചുണർത്തി. എന്നെ നേരത്തെ എന്തുകൊണ്ട് വിളിച്ചുണർത്തിയില്ല എന്നദ്ദേഹം ചോദിച്ചു. ഹദ്റത്ത് അബ്വാദ് ബ്നു ബശർ പറഞ്ഞു: "ഞാൻ സൂറ: കഹ്ഫ് തിലാവത്ത് ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. നമസ്കാരം നിർത്താൻ എന്റെ മനസ്സനുവദിച്ചില്ല." യമാമ യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്.

ഇനി സുവാദ് ബ്നു ഗസി(റ)യെക്കുറിച്ചു പറയാം. അദ്ദേഹം അൻസാരിയായിരുന്നു. ബനു അദീ ബ്നു നജാർ ഗോത്രക്കാരനാണ്. ബദറിലും ഉഹ്ദിലും ഖന്തക്കിലും അതിനുശേഷമുള്ള എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു. ബദർ യുദ്ധത്തിൽ ഇദ്ദേഹം ഖാലിദ് ബ്നു ഹിശാം മഖ്സൂമിനെ പിടിച്ച് തടവിലാക്കിയത് ഇദ്ദേഹമായിരുന്നു. ഖൈബറിലെ നികുതി പിരിക്കാൻ നബി(സ) അദ്ദേഹത്തെ അയച്ചു. അദ്ദേ

ഹം അവിടുന്ന് വന്നപ്പോൾ മുന്തിയ തരം ഈന്തപ്പഴം കൊണ്ടു വന്നു. മൂന്നര കിലോ സാധാരണ കാരക്കയ്ക്കു പകരമായി മൂന്ന് കിലോ ഈന്തപ്പഴം നബി(സ) തിരുമേനി വാങ്ങി. ബദർ യുദ്ധ വേളയിൽ നബി(സ)തിരുമേനി തന്റെ അമ്പു കൊണ്ട് മുസ്ലിം നിരയെ നേരെയാക്കുമ്പോൾ അവിടുത്തെ അമ്പ് സുവാദിന്റെ നെഞ്ചിൽ തറച്ചു. ഹദ്റത്ത് സവാദ് പറഞ്ഞു: അല്ലാഹുവിന്റെ റലേ, അങ്ങ് അന്യായമായാണ് കുത്തിയത്. അല്ലാഹുവാണെ ഞാൻ ഇതിന് പ്രതികാരം ചെയ്യുന്നതാണ്. നബി(സ) സ്നേഹത്തോടെ സുവാദിനോട് പറഞ്ഞു: “എങ്കിൽ സുവാദ്, അമ്പു കൊണ്ട് നീയും എന്നെ കുത്തിക്കൊള്ളുക.” തിരുമേനി തന്റെ മാറിൽ നിന്നും വസ്ത്രം മാറ്റി കൊടുത്തു. സുവാദ് സ്നേഹാതിരേകത്താൽ മുന്നോട്ടു വന്ന് തിരുമേനിയുടെ നെഞ്ചിൽ ചുംബിച്ചു. തിരുമേനി പുഞ്ചിരിച്ചു കൊണ്ടു ചോദിച്ചു: സാവാദ്, നീ ഇതെന്താണ് ചെയ്യുന്നത്? ഇടറുന്ന ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു: “യാറസൂലുല്ലാഹ്. ശത്രുക്കൾ ഇതാ മുൻപിലുണ്ട്, ഇവിടെ നിന്ന് രക്ഷപ്പെടുമോ ഇല്ലയോ എന്നറിയില്ല. ശഹാദത്തിനു മുൻപ് അങ്ങയുടെ തിരുശരീരം തൊട്ട് സ്നേഹിക്കാൻ ഞാൻ ആഗ്രഹിച്ചു പോയി.” നബി(സ)തിരുമേനി അദ്ദേഹത്തിന്റെ നന്മയ്ക്കായി ദുആ ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 20.07.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516